**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4983** **04-07-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര കിലോമീറ്റർ റോഡാണ് തീരദേശ ഹൈവേ ആക്കി മാറ്റുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ 525 കി മീ ഭാഗമാണ് തീരദേശ ഹൈവേയായി KRFB-PMU വഴി നിർമ്മിക്കുന്നത്. |
| (ബി) | ഇതിനായി എത്ര രൂപ ചെലവഴിച്ചു ; പ്രസ്തുത തുക ഏത് ഏജൻസി മുഖേനയാണ് ലഭ്യമാക്കിയത്; നിർവ്വഹണ ചുമതല ആർക്കാണ്; എന്നിവ വ്യക്തമാക്കുമോ; | (ബി) | കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് തീരദേശ ഹൈവേയുടെ സ്ഥലമെടുപ്പും നിർമ്മാണവും നടത്തുന്നത്. ഇതിന്റെ നിർവ്വഹണ ചുമതല കെ .ആർ.എഫ്.ബി. -പി .എം .യു വിനാണ്. നിലവിൽ ഈ ഭാഗത്തെ സ്ഥലമേറ്റെടുപ്പ് നടപടി കളാണ് പുരോഗമിക്കുന്നത്.നാളിതുവരെ സ്ഥലമേറ്റെടുപ്പിനുള്ള കണ്ടിജൻസി ചാർജ് ഇനത്തിലും കോമ്പൻസേഷൻ ഇനത്തിലും പൂർത്തിയായ ഹൈവേയുടെ നിർമ്മാണത്തിനായി 61,09,98,313 രൂപ ചെലവഴിച്ചിട്ടുണ്ട്.തീരദേശ ഹൈവേയുടെ ഭാഗമായി ആർ.ബി.ഡി .സി .കെ .യു ടെ കീഴിൽ വരുന്ന മലപ്പുറം ജില്ലയിലെ 'CH: 0+000 മു തൽ CH4+800 വരെയു ള്ള 4.8 കി .മീ നിർമ്മാണം ' പദ്ധതി യ്ക്ക് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 280.09 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബി നൽകിയിട്ടുണ്ട്. |
| (സി) | തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ സ്ഥലം ഏതൊക്കെ ജില്ലകളിലായി ഏറ്റെടുത്തുവെന്നും ഈ ഭൂമിയ്ക്ക് പണം നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്രയാണ് നൽകിയതെന്നും അറിയിക്കാമോ; | (സി) | തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. നിലവിൽ മലപ്പുറം ജില്ലയിലെ മൊഹ്യുദീൻപള്ളി കെട്ടുങ്കൽ വരെയുള്ള 3.85 കി .മീ റോഡ് നി ർമ്മാണത്തിന് 0.5670 ഹെക്ടർ സ്ഥലം ഏറ്റെടുക്കു ന്നതിനായി 88,81,889 രൂപയും തൃശ്ശൂർ ജില്ലയിലെ അഴിക്കോട് മുനമ്പം പാലം നിർമ്മാണത്തിന് 0.45 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 9,69,74,814 രൂപയും കോഴിക്കോട് ജില്ലയിലെ കുഞ്ഞാലിമരക്കാർ പാലം നിർമ്മാണത്തിന് 0.2610 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 1,34,50,113 രൂപയും കിഫ്ബി അനുവദിച്ചു . ആർ.ബി.ഡി .സി .കെ . യെ ഏൽപ്പിച്ച ഭാഗത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കു ന്നു . ഈ ഭാഗത്ത് 3.5530 ഹെക്ടർ ഭൂമി |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിനാണ് അർത്ഥനാപത്രം നൽകിയിട്ടുള്ളത്.ഭൂമി ഏറ്റെടുക്കൽ നപടികളുടെ ഭാഗമായുള്ള 11(1) എന്ന വിജ്ഞാപനം പുറപ്പെടുവിച്ച് സർവെ നടപടികൾ പുരോഗമിക്കുന്നു . |
| (ഡി) | ആലപ്പുഴ മണ്ഡലത്തിൽ തീരദേശഹൈവേ പദ്ധതിയ്ക്കായി എത്ര സ്ഥലം ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ടെന്നും എത്ര രൂപ നൽകിയെന്നും വ്യക്തമാക്കുമോ? | (ഡി) | ആലപ്പുഴ ജില്ലയിൽ തീരദേശ ഹൈവേ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്.വലിയഴീക്കൽ മുതൽ തൊട്ടപ്പള്ളി വരെയും SH ബൈപ്പാസ്സ് ക്രോസ്സിങ് മുതൽ സൗത്ത് ചെല്ലാനം വരെ യുള്ള ഹൈവേയ്ക്കായി 54.81 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്.പായൽക്കുളങ്ങര മുതൽ SH ബൈപ്പാസ്സ് ക്രോസ്സിങ് വരെയുള്ള തീരദൈശ ഹൈവേയുടെ അലൈൻമെന്റ് NATPAC തയ്യാറാക്കി വരുന്നു . |

സെക്ഷൻ ഓഫീസർ